**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2518** **27-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടൺ ബോർഡ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടൺ ബോർഡ് പരുത്തി സംഭരണം വൈകാതെ തുടങ്ങുമോയെന്ന് അറിയിക്കാമോ; | (എ) | തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സ്പിന്നിംഗ് മില്ലുകൾക്ക് കുറഞ്ഞ വിലയ്ക്ക് പരുത്തി ലഭ്യമാക്കുവാൻ വ്യവസായ വകുപ്പ് രൂപം നൽകിയിരിക്കുന്ന കർമ്മപദ്ധതി വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പൊതു-സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ കോട്ടൺ അതിന്റെ വിളവെടുപ്പ് സീസണിൽ തന്നെ അധിക അളവിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നതിനും സുഗമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി എൻ.സി.ഡി.സി സാമ്പത്തിക സഹായം നൽകാമെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എൻ.സി.ഡി.സിയുടെ വ്യവസ്ഥകൾ സംബന്ധിച്ച് റിയാബിന്റെ അഭിപ്രായത്തോടുകൂടി ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഓരോ മില്ലും ആവശ്യമായ പരുത്തി സ്വയം സംഭരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | മില്ലുകൾ സ്വന്തമായി പരുത്തി വാങ്ങുന്ന സംവിധാനമാണ് നിലവിൽ ഉള്ളത്. ഈ സംവിധാനം ഫലപ്രദമല്ലാത്തതു കാരണമാണ് കോട്ടൺ ബോർഡ് എന്ന ആവശ്യത്തെ സംബന്ധിച്ച് സർക്കാർ പരിശോധിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചത്. |
| (ഡി) | കോട്ടൺബോർഡ് രൂപീകരണത്തിന്റെ വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാനത്തെ പൊതു-സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ കോട്ടൺ അതിന്റെ വിളവെടുപ്പ് സീസണിൽ തന്നെ അധിക അളവിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നതിനും സുഗമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ബോർഡിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.<br><br>പ്രിൻസിപ്പൽ സെക്രട്ടറി - ചെയർമാൻ<br><br>മെമ്പർ സെക്രട്ടറി, റിയാബ് - ഫണ്ട് മാനേജർ<br><br>ഡയറക്ടർ ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് - അംഗം<br><br>മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ - അംഗം<br><br>മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ് - അംഗം<br><br>കോട്ടൺ ബോർഡിന്റെ യോഗങ്ങൾ യഥാസമയം ചേർന്ന് പ്രവർത്തനങ്ങൾ ബോർഡ് വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ